DESPATCHED
On.02-08-21.

221 7/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 500(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4952/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂലൈ 22

ശ്രീമതി. അനിത എം.,
ചോയി മഠത്തിൽ,
കൊല്ലൻ പുറായ,
മൂന്നിയൂർ പി.ഒ.,
മലപ്പുറം – 673 311. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   എംപ്ലോയ്മെന്റ് ഓഫീസർ,
   ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
   തിരൂരങ്ങാടി, മലപ്പുറം

2. അപ്പീൽ അധികാരി &
   മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ,
   മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി
   ഡയറക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ,
   കോഴിക്കോട്. 676 320.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 1.2.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 25.3.3021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.6.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 22.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br><br>എസ്.പി.ഐ.ഒ | ഹാജരായി<br><br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. അനിത എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ 1.2.2021 ലെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 1.2.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

(i) 1.1.1985 മുതൽ 31.12.1985 വരെ എത്ര ഉദ്യോഗാർത്ഥികൾ ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്ട്രേഷൻ ചെയ്തിട്ടുള്ളത് അവരുടെ പേരും വിലാസവും അറിയിക്കണമെന്നും

(ii) 1.1.1985 മുതൽ 31.12.1985 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ എത്ര ആളുകൾ എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളവരാണ്. അവർക്ക് ലഭിച്ചിട്ടുള്ള മാർക്കുകൾ എത്ര ശതമാനമാണെന്നും അവരുടെ പേരും അവർക്ക് ലഭിച്ചിട്ടുള്ള മാർക്കുകളും അറിയിക്കണമെന്നും

(iii) 1.1.1985 മുതൽ 31.12.1985 വരെ പേര് രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ സർക്കാരിന്റെ തസ്തികയിലെ ഒഴിവ് താത്ക്കാലികമായി നടത്തുന്നതിന് എംപ്ലോയ്മെന്റ് ഓഫീസർ എത്ര ഉദ്യോഗാർത്ഥികളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാരിന്റെ ബന്ധപ്പെട്ട ഏതെല്ലാം വകുപ്പുകൾക്കാണ് കത്തയച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട വകുപ്പുകളുടെ പേരും ഉദ്യോഗാർത്ഥികളുടെ പേരും കത്തയച്ചിട്ടുള്ള തീയതിയും വർഷവും അറിയിക്കണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 22.2.2021 ന് നൽകിയ മറുപടിയിലെ (2), (3), (5) എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നു ചൂണ്ടിക്കാട്ടി 9.3.2021 ന് ഒന്നാം അപ്പീൽ നൽകുകയും ആയതിന് രണ്ടാം എതിർകക്ഷി 25.3.2021 ന് മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയെ 12.1.2009-ന് ജില്ലാ ട്രഷറി ഓഫീസിലെ ക്ലാർക്ക് താത്ക്കാലിക ഒഴിവിലേയ്ക്കും 4.3.2009-ന് ടെൽട്രോൺ ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് സൊസൈറ്റി തിരുവനന്തപുരത്തിന്റെ ക്ലാർക്ക് സ്ഥിരം ഒഴിവിലേക്കും 28.10.2020 ന് എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിരം ഒഴിവിലേയ്ക്കും നാമനിർദ്ദേശം ചെയ്തിരുന്നുവെന്നും ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവിലേക്ക് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക മാത്രമാണ് എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ചെയ്യുന്നത് എന്നും ഇത്തരത്തിൽ നാമനിർദ്ദശം ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യു കത്ത് അയക്കുന്നതും ഇന്റർവ്യുവിനു ശേഷം നിയമനം നടത്തുന്നതും ബന്ധപ്പെട്ട ഉദ്യോഗദായകരാണെന്നും, അപേക്ഷയിലെ 5-ാമത്തെ ഇനത്തിന് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ

ഉദ്യോഗദായന്റെ പേര്, ജില്ലാ ട്രഷറി ഓഫീസർ എന്നതിനുപകരം ജില്ലാ ലോട്ടറി ഓഫീസർ എന്ന് തെറ്റായി നൽകിയതായി കണ്ടെത്തിയതിനാൽ വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ 27.6.1985 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ഹർജിക്കാരിക്ക് നാളിതുവരെ ഒരു ഇന്റർവ്യൂ കത്തുപോലും ലഭിച്ചിട്ടില്ല എന്നതാണ് ടിയാളുടെ ആക്ഷേപം എന്ന് കാണുന്നു. എന്നാൽ ഹർജിക്കാരിയെ 12.1.2009-ന് ജില്ലാ ട്രഷറി ഓഫീസിലെ ക്ലാർക്ക് താത്ക്കാലിക ഒഴിവിലേയ്ക്കും 4.3.2009-ന് ടെൽട്രോൺ ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് സൊസൈറ്റി തിരുവനന്തപുരത്തിന്റെ ക്ലാർക്ക് സ്ഥിരം ഒഴിവിലേക്കും 28.10.2020 ന് എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിരം ഒഴിവിലേയ്ക്കും നാമനിർദ്ദേശം ചെയ്തിരുന്നതായി കാണുന്നു. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യു കത്ത് അയക്കുന്നതും ഇന്റർവ്യൂവിനു ശേഷം നിയമനം നടത്തുന്നതും ബന്ധപ്പെട്ട ഉദ്യോഗദായകർ ആണെന്നതിനാൽ എന്തുകൊണ്ടാണ് എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നൽകുന്ന നാമ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്റർവ്യൂ കാർഡ് അപ്പീൽ ഹർജിക്കാരിക്ക് അയക്കാതിരുന്നത് എന്നത് സംബന്ധിച്ച വിവരം അറിയുന്നതിനായി ഹർജിക്കാരിയുടെ പേര് നാമനിർദ്ദേശം ചെയ്തു നൽകിയിട്ടുള്ള ജില്ലാ ട്രഷറി ഓഫീസ്, തിരുവനന്തപുരം ടെൽട്രോൺ ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് സൊസൈറ്റി, എടപ്പറ്റ ഗ്രാമ പഞ്ചായത്ത് എന്നീ ഓഫീസുകളുമായാണ് ഹർജിക്കാരി ബന്ധപ്പെടേണ്ടിയിരുന്നത് എന്ന് കാണുന്നു. ആയതിലേയ്ക്കായി എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ടിയാളുടെ പേര് നാമനിർദ്ദേശം ചെയ്തിട്ടുള്ള ഓഫീസുകളുടെ പൂർണ്ണവിലാസം 30.7.2021-ന് മുമ്പായി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂലൈ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bnk

RIGHT TO INFORMATION